ഉത്തരം

(എ) സംസ്ഥാനത്തെ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ജനുവരി 2006-ൽ ആണ് ആദ്യമായി പി.എസ്.സി. മുഖേന ഹയർ സെക്കണ്ടറി അദ്ധ്യാപകനിയമനം നടക്കുന്നത്. ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ (സീനിയർ) വിഭാഗത്തിൽ 2810 പേർക്കും ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ (ജൂനിയർ) വിഭാഗത്തിൽ 1933 പേർക്കും നിയമനം നൽകി.

(ബി) കമ്മ്യൂണൽ റൊട്ടേഷൻ അനുസരിച്ചും, സംവരണ വ്യവസ്ഥകൾ പാലിച്ചും ആണ് പി.എസ്.സി. നിയമനങ്ങൾ നടത്തിയിട്ടുള്ളത്. ജാതി തിരിച്ചുള്ള കണക്ക് പി.എസ്.സി.-യിൽ നിന്നും ലഭ്യമായിട്ടില്ല.

കല്യാശ്ശേരി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് നടപടി

8 [305] ശ്രീ. എം. പ്രകാശൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ ശോചനീയാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(സി) അത്യാവശ്യം വേണ്ടുന്ന സൗകര്യങ്ങൾ അടിയന്തിരമായി ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) കല്യാശ്ശേരി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിനെ ഭരണ നവീകരണ പദ്ധതിയുടെ കീഴിലുള്ള സേവന പ്രധാന പദ്ധതി (എസ്.ഡി.വി.)-യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൻപ്രകാരം കെട്ടിട സൗകര്യം മെച്ചപ്പെടുത്തുന്നതിനും മറ്റ് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമായി ₹.00,584 രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിട്ടുമുണ്ട്.

പുതിയ ഹയർ സെക്കണ്ടറി എയ്ഡഡ് സ്കൂളുകൾ

9 [306] ശ്രീ. കെ. പി. മോഹനൻ:

" എ. സി. ഷൺമുഖദാസ്:

" സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly